

ഡോ. എം. ലീലാവതി

# 'സുകൃതം സ്മര'

ഞാൻ, എന്റെ, എനിക്ക് എന്നിങ്ങനെയുള്ള ചിന്തകൾ വെടിഞ്ഞ് അന്യജീവനുതകുന്ന സേവനത്തിൽ ആയുഷ്കാലം മുഴുവൻ ഏർപ്പെടാൻ കഴിയുന്നവർ അനുഗൃഹീതാത്മാക്കളാണ്. അനുഗ്രഹദാതാക്കളായി അവർ അദൃശ്യ വിശ്വശക്തിയാൽ ഉയർത്തപ്പെടുന്നു. ഈ അവസ്ഥയെയാണ് 'അരൂപിയുടെ മേലൊപ്പുള്ള അസ്തിത്വം' എന്നു വിവരിക്കാവുന്നത്.

ചാവറ കുര്യാക്കോസച്ചൻ സേവനത്തിനായി സ്വയം ഉഴിഞ്ഞുവച്ച് അനുഗൃഹീതാത്മാവായി. ഭൗതിക ശരീരം വെടിഞ്ഞതിനുശേഷം തന്നിൽ വിശ്വസിച്ച് അഭയം പ്രാപിക്കുന്നവർക്ക് അനുഗ്രഹദാതാവായ സത്തയായി അദ്ദേഹം വാഴുന്നു.

ഭൗതികമായ ഒരു നേട്ടത്തിനുവേണ്ടിയും സ്വാർഥകേന്ദ്രിതമായി ഇച്ഛിക്കുകയോ പ്രാർഥിക്കുകയോ ചെയ്തിട്ടില്ലാത്തവർക്കു മാത്രമേ, സാന്ത്വനം തേടുന്നവരുടെ ഭൗതികമായ ഇച്ഛകളും പ്രാർഥനകളും അറിയാനും അനുഗ്രഹിക്കാനുമുള്ള സിദ്ധിയുണ്ടാവുന്നുള്ളൂ. നിർമമരും നിരീഹരുമായി ജീവിച്ചവർ മമത്വബദ്ധരും അഭിലാഷ പരതന്ത്രരുമായവർക്ക് ആശ്രയമേകുന്നു. ഒരു വലിയ ഛായാവൃക്ഷം തണൽ തേടിയെത്തുന്നവർക്കു തളർച്ച തീർത്തുകൊടുക്കുന്നു. അവർക്കു തണൽ വിരിക്കാൻ ചണ്ഡകിരണന്റെ ചൂടുമുഴുവൻ സ്വന്തം ശിരസിലേറ്റുവാങ്ങുന്നു. പ്രകാശകിരണങ്ങളിൽനിന്നു സംഭരിക്കുന്ന ഊർജത്തെ മാധുര്യമാക്കി പരിവർത്തിപ്പിച്ച് സഞ്ചയിക്കുകയും ഫലങ്ങളിലൂടെ ആ മാധുര്യത്തെ പറന്നെത്തുന്ന കിളികൾക്കും നടന്നുതളർന്നെത്തുന്ന മനുഷ്യർക്കും നൽകി പൈദാഹം തീർത്തുകൊടുക്കുകയും ചെയ്യുന്നു.

സസ്യങ്ങളും വൃക്ഷങ്ങളും ഫലമൂലങ്ങളിൽ സംഭരിച്ചുവയ്ക്കുന്ന ഊർജം അവയ്ക്കു സ്വയം വിശപ്പടക്കാനുള്ളതോ, സന്തതിപരമ്പരകൾക്കായി ഉദ്ദേശിക്കുന്നതോ അല്ല. തികച്ചും നിസ്വാർഥമായ അസ്തിത്വത്തിന്റെ പരമ മാതൃകകളാണ് വൃക്ഷസസ്യാദികൾ.

വിശേഷബുദ്ധിയില്ലാത്ത അവയുടെ പരാർഥജീവിതംകണ്ട് വിശേഷബുദ്ധിയുള്ള മനുഷ്യൻ അസ്തിത്വത്തിന്റെ മൗലിക പാഠം പഠിക്കണമെന്ന് ജീവജാലങ്ങളുടെ സ്രഷ്ടാവായ പരമശക്തി വിവക്ഷിച്ചിട്ടുണ്ടെന്ന് തിരിച്ചറിയുന്നത് ലക്ഷക്കണക്കിനുള്ള മനുഷ്യരിൽ തെരഞ്ഞെടുക്കപ്പെട്ട ചുരുക്കംചിലർ മാത്രമാണ്. ഈ തത്വം നമ്മുടെ മഹാകവി വള്ളത്തോൾ ഇങ്ങനെ ആവിഷ്കരിച്ചിരിക്കുന്നു:

പെരുത്തുനൂറ്റാണ്ടിനിടയ്ക്കൊരിക്കലീ  
മരുപ്പറമ്പാമുലകത്തിലീശ്വരൻ  
ഒരുറ്റവൃക്ഷത്തെ നടന്നു പാന്ഥരായ്  
വരുന്നവർക്കുത്തമ വിശ്രമത്തിനായ്

വാസ്തവത്തിൽ എല്ലാ തണൽ മരങ്ങളും അനുഷ്ഠിക്കുന്നത് നിസ്വാർഥ സേവനകർമമാണ്. എല്ലാ മനുഷ്യരും തണൽമരങ്ങളുടെ കർമമേറ്റെടുക്കാൻ ശക്തരാകുന്നില്ല. അതിനു ശക്തരാകുന്നവർ നൂറ്റാണ്ടുകൾക്കിടയ്ക്ക് വല്ലപ്പോഴുമേ പ്രത്യക്ഷരാകുന്നുള്ളൂ എന്നതുകൊണ്ട് കവി ഒറ്റമരമായും ഉറ്റമരമായും അത്തരം അമരസത്തയെ രൂപണം ചെയ്യുകയാണ്.

ആ തരത്തിൽപ്പെട്ട ഉറ്റവനായ മഹാമാനുഷ ചൈതന്യമാകുന്നു ചാവറയച്ചൻ. 'ആകുന്നു' എന്ന വർത്തമാനക്രിയ പ്രയോഗിക്കുന്നത് 'ആയിരുന്നു' എന്ന ഭൂതകാല ക്രിയയ്ക്ക് ആ മഹാസത്തയുടെ സന്തതസാന്നിധ്യത്തിൽ പ്രസക്തിയില്ലാത്തതുകൊണ്ടാണ്. വിശ്വസിക്കുന്നവരുടെ ചേതസിൽ ആ സാന്നിധ്യത്തിന്റെ അനുഭൂതിയുണ്ടാകുന്നു. അനുഭൂതി ചിഹ്നങ്ങളായി അനുഗ്രഹങ്ങൾ വന്നുചേരുന്നു.

പ്രവാചകന്റെ അന്യാപദേശകഥകൾപോലെ പല സൂക്തങ്ങളും ചാവറയച്ചന്റേതായുണ്ട്. നാലു സ്നേഹിതന്മാരുടെ കഥ അവയിലൊന്നാണ്. ഒരാൾക്കു മൂന്നു സ്നേഹിതന്മാരുണ്ടായിരുന്നു. ഏത് ആപത്തിലും എപ്പോഴും സഹായത്തിനെത്തിക്കൊള്ളാമെന്ന് ഉറപ്പുകൊടുത്തിരുന്നവർ. പക്ഷേ, രാജാവ് അയാൾക്കു വധശിക്ഷ വിധിച്ചപ്പോൾ രക്ഷിക്കാൻ ആ മൂന്നുപേർക്കും കഴിഞ്ഞില്ല. അതുവരെ പ്രത്യക്ഷപ്പെടുകയോ വാഗ്ദാനങ്ങൾ നൽകുകയോ ചെയ്തിട്ടില്ലാത്ത നാലാമനാണ് രക്ഷിക്കാനെത്തിയതെന്ന് വാച്യമായ കഥ.

അന്യാപദേശരീതിയിൽ പറയപ്പെട്ട ഈ നാലു സ്നേഹിതന്മാരാരൊക്കെയെന്ന് വ്യക്തമാക്കിത്തന്നിട്ടുണ്ട്. ഒന്നാം സ്നേഹിതൻ ലോകം. 'രാജാവ് ഏല്പിക്കുന്ന വധശിക്ഷ' ജനിച്ചവർക്കെല്ലാവർക്കും എപ്പോഴെങ്കിലുമൊരിക്കൽ നേരി

ടേണ്ടതായ മൃതിയാണ്. മൃതിയെ നേരിടേണ്ട നേരത്ത് മനുഷ്യന് ലോകത്തിന്റെ സഹായമില്ല. ആരും കൂട്ടില്ല. ഒറ്റയ്ക്കു വരുന്നു; ഒറ്റയ്ക്കു പോകുന്നു.

രണ്ടാമത്തെ സ്നേഹിതൻ ബന്ധുമിത്രവർഗംതന്നെ. മത്സരം വരുമ്പോൾ വിലക്കിനിർത്താനോ ഒരു നിമിഷം പോലും ജീവിതം നീട്ടിക്കൊടുപ്പിക്കാനോ ഒരു ശുഭകാംക്ഷിക്കും സാധ്യമല്ല.

മൂന്നാമത്തെ സ്നേഹിതൻ മറ്റാരുമല്ല; ഞാൻ എന്ന സത്തയുടെ ആധാരമായി വർത്തിക്കുന്ന ഭൗതികശരീരംതന്നെ. 'ഞാൻ' എന്ന അവബോധം അതിന്റെ പ്രവൃത്തി നിർത്തിയാൽ അതുതന്നെയാണ് മൃതി. ബോധ പ്രേരിതമായിട്ടുള്ള പ്രവൃത്തികളെല്ലാം പെട്ടെന്നു നിലയ്ക്കുന്നു. 'ഞാൻ' എന്ന സത്തയെ മൃതി പിടികൂടിയാൽ, യാന്ത്രികമായ ചില ചേഷ്ടകൾ ചിലപ്പോൾ യന്ത്രസഹായത്തോടെ നിലയ്ക്കാനനുവദിക്കാതെ നീട്ടിക്കൊണ്ടുപോകാൻ കഴിഞ്ഞാലും അത് മൃതിയുടെ പിടിയിൽനിന്നുള്ള വിടുതലല്ല.

ബലിഷ്ഠമായ അവയവങ്ങൾ പ്രവർത്തനക്ഷമമായിയിരിക്കുമ്പോൾപോലും ഓർക്കാപ്പുറത്തു മൃതി പിടികൂടിയെന്നിരിക്കട്ടെ. ആ ആജ്ഞയ്ക്കു വിധേയമായി ഹൃദയം മിടിപ്പു നിർത്തുന്നു. ശ്വാസകോശം വികാസസങ്കോചങ്ങൾ നിർത്തുന്നു. രക്തത്തിന്റെ ഒഴുക്കു നിലയ്ക്കുമ്പോൾ മസ്തിഷ്കകോശങ്ങൾ പ്രവർത്തനരഹിതമാകുന്നു. ശരീരം എന്ന സത്ത ശിലപോലെ നിശ്ചേതനമാകുന്ന അവസ്ഥയാണിത്. ആ അവസ്ഥ വന്നുചേരുമ്പോൾ 'അരുത്' എന്നൊരു സന്ദേശം പ്രസരിപ്പിക്കാൻ ശരീരം അശക്തമാണ്.

മൂന്നു സ്നേഹിതന്മാരും നിസഹായരായിരിക്കെ നാലാമത്തെ സ്നേഹിതൻ എത്തുന്നു– ജീവിതകാലത്തു ചെയ്ത പുണ്യം എന്ന സുഹൃത്ത്. പുരാകൃത പുണ്യം രണ്ടുതരത്തിലും രക്ഷകസത്തയാകാറുണ്ട്. മൃതിവരാതെ കടക്കുന്നു ചിലപ്പോൾ, മൃതി സംഭവിച്ചാൽ, ഞാൻ എന്ന ആത്മാവിന്, പുണ്യഫലം കൂടെത്തന്നെ എപ്പോഴും നിൽക്കുന്ന കൂട്ടുകാരനായിരിക്കും.

വനേരണേ വന്നിമഹാബ്ധിമധ്യേ
മഹോന്നതേ പർവത മസ്തകേ
ചസുപ്തം പ്രമത്തം വിഷമ സ്ഥിതം
ചരക്ഷന്തി പുണ്യാനി പുരാകൃതാനി.

കാട്ടിലും യുദ്ധത്തിലും അഗ്നിബാധയിലും കടൽക്കോളിലും പർവതശിഖരത്തിലും ഉറക്കത്തിലും ഉന്മാദത്തിലും ഏതു ദുർഘട ഘട്ടത്തിലും പുരാകൃതപുണ്യം രക്ഷിക്കാനെത്തുന്നു. അങ്ങനെ വധശിക്ഷ ഒഴിവാക്കിക്കാൻ മനുഷ്യൻ നിർമമമായി ചെയ്യുന്ന പുണ്യകർമങ്ങളുടെ ഫലങ്ങൾ എത്തിച്ചേരുന്നു.

മൃതി സംഭവിച്ചാലും പുണ്യഫലമാണ് മൃതന് അസ്തിത്വത്തിൽ അമരത്വം നേടിക്കൊടുക്കുന്നത്. ഇതര മനുഷ്യർക്ക് നന്മ വരുത്തുന്നതേ ചെയ്യൂ എന്ന് നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കുന്നവർ, അവരുടെ സ്മൃതിയിൽ മൃതിയില്ലാതെ വർത്തിക്കുന്നു.

സത്കർമനിഷ്ഠ ശ്വാസോച്ഛ്വാസവും ഹൃദയ സ്പന്ദനവും പോലെ അത്ര സ്വാഭാവികമായി ഭവിക്കത്തക്കവണ്ണം സദ്വാസനകളെ പോഷിപ്പിക്കാൻ ഉപദേശം കൊടുക്കുക മാത്രമല്ല പ്രവൃത്തികൊണ്ട് നിദർശനമായി ഭവിക്കുകയാണ് മഹത്തുക്കളായ പുണ്യാത്മാക്കളുടെ ശൈലി.

പ്രവർത്തനംകൊണ്ട് മാതൃക കാട്ടിയതിനാലാണ് ചാവറയച്ചൻ പുണ്യാത്മാവായി നമ്മുടെ മനസിൽ അമരത്വത്തോടെ കുടികൊള്ളുന്നത്. മദർ തെരേസയെപ്പോലുള്ളവർ ഈയടുത്തകാലത്ത് നമ്മുടെ ഇരുണ്ട കാലഘട്ടത്തിൽ വെളിച്ചം വിതറിയതും അങ്ങനെതന്നെ. രണ്ടാം ലോകമഹായുദ്ധകാലത്ത് നാസിസ്റ്റ് ഭരണത്തിന്റെ നിഷ്ഠൂരതയോട് ഏറ്റുമുട്ടേണ്ടിവന്ന ഫാദർ കോൽബേയുടെ ആത്മത്യാഗ വീരചരിതവും നമ്മെ ഓർമിപ്പിക്കുന്നത് ഋഷിപ്രഭാവം മനുഷ്യന് അപ്രാപ്യമോ വസ്തുസ്ഥിതികൾക്കതീതമായ സങ്കല്പകഥകളോ അല്ല എന്നാണ്.

ഏത് ഇരുട്ടുമുറ്റിയ കഠോരകാലഘട്ടത്തിലും ആത്മബലി സന്നദ്ധതയോടുകൂടിയ ഋഷിതേജസുകൾ ഉദിച്ചുയരാം, പ്രഭ ചൊരിയാം, ആ പ്രകാശപുഞ്ജങ്ങളിൽ നിന്ന് സാധാരണരായ നമുക്ക് ഒരു കൈത്തിരി കത്തിച്ചെടുക്കാനും അതിന്റെ പ്രകാശനാളം ഹൃദയത്തിൽ കെടാതെ സൂക്ഷിക്കാനും കഴിയും. ചാവറയച്ചന്റെ സ്മൃതിയെ സൂക്ഷിക്കുന്ന ആരാധനാകേന്ദ്രങ്ങളും സാംസ്കാരിക പ്രവർത്തനകേന്ദ്രങ്ങളും ആ തിരിനാളങ്ങളെ കെടാവിളക്കുകളാക്കി നിലനിർത്താൻ ഉദ്ദിഷ്ടമായ മാധ്യമങ്ങളാണ്.

'കൃതം സ്മര കൃതം സ്മര' എന്ന് ഉദ്ബോധിപ്പിക്കുന്ന ഈശാവാസ്യോപനിഷത്ത്, പുണ്യാത്മാക്കളുടെ മരിക്കാത്ത സത്കർമങ്ങളെ സ്മരിച്ചുകൊണ്ടിരിക്കലാണ് പിന്നാലെ വരുന്നവരുടെ കർത്തവ്യമെന്ന വസ്തുതയിൽ ഊന്നുന്നു.

സത്കർമങ്ങളുടെ പ്രകാശനാളങ്ങൾ നാം കെടാതെ സൂക്ഷിക്കേണ്ടത് അവ ചെയ്തു വഴികാട്ടിയ മഹത്തുക്കൾക്കുവേണ്ടിയല്ല, നമുക്കുവേണ്ടിത്തന്നെയാണ്. നമ്മുടെ ത്രികരണങ്ങൾ, മനസും വചസും വപുസും, നന്മയുടെയും ഉണ്മയുടെയും മേന്മയുടെയും പാളങ്ങളിൽനിന്നു വഴുതിപ്പോകാതിരിക്കാനാണ്.

